# STD - III

## അദ്ധ്യാപക സഹായി

## പാഠം - രണ്ട് സഭയുടെ ആരംഭം ഭാഗം - ഒന്ന്

**ലക്ഷ്യം:**

ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ സമൂഹമാണ് സഭ.

ഞാൻ ക്രിസ്തുവിൽ വിശ്വസിക്കുകയും കത്തോലിക്കാ സഭയിൽ അംഗമായി ജീവിക്കുകയും ചെയ്യും. എന്റെ സഭയെ ഞാൻ സ്നേഹിക്കും.

**പഠനസഹായികൾ**

അപ്പ. 2:1-13 പരിശുദ്ധാത്മാവിന്റെ ആഗമനം

അപ്പ. 2:37-39 ആദ്യ ക്രൈസ്തവ സമൂഹം

യോഹ. 15:1-5 മുന്തിരിച്ചെടിയും ശാഖകളും

പെന്തക്കോസ്താദിനത്തിന്റെ video - You Tube - “The Day of Pentecost”

പരിശുദ്ധാത്മാവിന്റെ പ്രതീകങ്ങൾ - ചാർട്ട്

**പാഠത്തിന്റെ ഉള്ളടക്കം**

* പരിശുദ്ധ അമ്മയോടൊപ്പം പ്രാർത്ഥിക്കുന്ന ശിഷ്യർ
* കൊടുങ്കാറ്റ് ഉണ്ടാകുന്നു.
* തീനാവുകൾപോലെ പരിശുദ്ധാത്മാവ് അവരുടെ മേൽവന്നു.
* അവർ പരിശുദ്ധാത്മാവിനാൽ നിറഞ്ഞു.
* അവർ ആത്മാവ് കൊടുത്ത ഭാഷണവരമുപയോഗിച്ച് വിവിധ ഭാഷകളിൽ സംസാരിക്കാൻ തുടങ്ങി.

**പ്രാർത്ഥന**

പരിശുദ്ധാത്മാവായ ദൈവമേ അപ്പോസ്തലന്മാരെ ശക്തിപ്പെടുത്തിയതുപോലെ ഞങ്ങളേയും ശക്തിപ്പെടുത്തണമെ.

**ചോദ്യങ്ങൾ**

1. സഭ എന്നാൽ എന്ത്?

2. പെന്തക്കോസ്താദിനത്തിൽ പരിശുദ്ധാത്മാവ് ഏതു രൂപത്തിലാണ് അവരുടെമേൽ വന്നുനിന്നത്?

3. ഈശോയുടെ സ്വർഗാരോഹണത്തിനുശേഷം ആരെല്ലാമാണ് സെഹിയോൻ ഊട്ടുശാലയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നത്?

# STD - III

## അദ്ധ്യാപക സഹായി

## പാഠം - രണ്ട്   സഭയുടെ ആരംഭം   ഭാഗം - രണ്ട്

### ലക്ഷ്യം

ജ്ഞാനസ്നാനത്തിലൂടെ ലഭിച്ച പരിശുദ്ധാത്മാവിന്റെ ശക്തിയാൽ സ്നേഹത്തോടെ സഭയിൽ വളരും.

എല്ലാവരോടും പരിശുദ്ധാത്മാവിന്റെ അരൂപിയിൽ സ്നേഹത്തിൽ ഞാൻ പെരുമാറും

### പഠനസഹായികൾ

വചനം യോഹ. 15:5

പെന്തക്കോസ്താ വീഡിയോ ഒരിക്കൽകൂടി കാണിക്കുന്നു.

### പാഠത്തിന്റെ ഉള്ളടക്കം

* പെന്തക്കോസ്താദിനം
* പരിശുദ്ധ അമ്മയോടൊപ്പം പ്രാർത്ഥിക്കുന്ന ശിഷ്യർ.
* പരിശുദ്ധാത്മാവിനാൽ നിറഞ്ഞ സമൂഹം
* ആത്മാവിൽ നിറഞ്ഞ് വിവിധ ഭാഷകളിൽ സംസാരിക്കുന്നു
* ഈശോയിൽ വിശ്വസിച്ച് ജ്ഞാനസ്നാനം സ്വീകരിക്കുന്നു.
* പെന്തക്കോസ്ത ദിനത്തിലാണ് ആദിമസഭ ഉദ്ഘാടനം ചെയ്യപ്പെട്ടത്.

### പ്രാർത്ഥന

ഈശോയിൽ വിശ്വസിച്ചുകൊണ്ട് പരിശുദ്ധാത്മാവിന്റെ കൃപയാൽ പരസ്പരം സ്നേഹത്തിൽ വളരുവാൻ ഞങ്ങളെ പഠിപ്പിക്കേണമെ.

### ചോദ്യങ്ങൾ

1. പരിശുദ്ധാത്മാവിനാൽ നിറഞ്ഞപ്പോൾ പത്രോസും മറ്റു ശിഷ്യരും എന്താണ് ചെയ്തത്?
2. ഈശോയിൽ വിശ്വസിച്ചവർ എന്തുചെയ്തു?
3. പെന്താക്കോസ്താദിനത്തിൽ എത്ര പേരാണ് ജ്ഞാനസ്നാനം സ്വീകരിച്ചത്?
4. ആദ്യമായി സഭാസമൂഹം രൂപപ്പെട്ടത് എന്ന്?